# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3215

## 11.5.2017 - ലെ മറുപടിക്ക്

## ധനകാര്യ ഇടപാടുകൾ ട്രഷറികൾ വഴി നടത്തുവാനുള്ള നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി ഡോ. റ്റി.എം. തോമസ് ഐസക് |
| (എ) | സർക്കാരിന്റെ വിവിധ പദ്ധതികളുടെയും പ്രോജക്ടുകളുടെയും ധനകാര്യ ഇടപാടുകൾ ട്രഷറികൾ വഴി നടത്തുവാൻ നിർദ്ദേശം നൽകുമോ ; | സംസ്ഥാന സർക്കാർ നൽകുന്ന ഫണ്ടുകൾ, ഗ്രാന്റ്-ഇൻ-എയ്ഡുകൾ എന്നിവ ട്രഷറികളിൽത്തന്നെ നിലനിർത്തണമെന്നും ബാങ്കുകളിൽ നിക്ഷേപിക്കുവാൻ പാടില്ലായെന്നും കാലാകാലങ്ങളിൽ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട് (29.8.2009 - ലെ 75/2009/ധന നമ്പർ സർക്കുലർ, 6.1.2012 - ലെ 3/2012/ധന നമ്പർ സർക്കുലർ). കൂടാതെ, വാണിജ്യ ബാങ്കിൽ സൂക്ഷിച്ചിരിക്കുന്ന സർക്കാർ പണം തിരിച്ച് ട്രഷറികളിലേയ്ക്ക് മാറ്റണമെന്ന കർശന നിർദ്ദേശവും 27.3.2014 - ലെ 31/2014/ധന നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.<br>എന്നാൽ, കേന്ദ്രാവിഷ്കൃത പദ്ധതിയുമായി ബന്ധപ്പെട്ട ഫണ്ടുകളിൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികളുടെ ബാങ്ക് അക്കൗണ്ടുകളിൽ കേന്ദ്രവിഹിതം കൈമാറണമെന്ന് കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്ന സാഹചര്യങ്ങളിൽ അപ്രകാരമാണ് ഫണ്ടുകൾ കൈമാറ്റം ചെയ്യപ്പെടുന്നത്. ചില സാഹചര്യങ്ങളിൽ നിർവ്വഹണ ഏജൻസികൾക്ക് കേന്ദ്ര സർക്കാർ നേരിട്ട് ഫണ്ടുകൾ നൽകാറുമുണ്ട്. സംസ്ഥാന ബജറ്റ് വഴി കേന്ദ്രവിഹിതം അനുവദിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ (Centrally Sponsored Schemes) ബാങ്ക് അക്കൗണ്ടിൽ നിലനിർത്തേണ്ട തുകയുടെ പരിധി സംബന്ധിച്ചും 18.12.2014 - ലെ സ.ഉ.(പി) നമ്പർ. 533/2014/ധന ഉത്തരവിലൂടെ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | വിവിധ വകുപ്പുകളുടെ നടപ്പിലായതും നടന്നു കൊണ്ടിരിക്കുന്നതുമായ പ്രോജക്ടുകളുടെ ദേശസാൽകൃത ബാങ്കുകളിലും ന്യൂജനറേഷൻ ബാങ്കുകളിലും ഉള്ള അക്കൗണ്ടുകൾ ട്രഷറിയിലേക്ക് മാറ്റുവാൻ നടപടി സ്വീകരിക്കുമോ ; | |

| | | |
|---|---|---|
| (സി) | വിവിധ വകുപ്പുകളുടെ കീഴിലുള്ള പ്രോജക്ടുകളുടെ പിൻവലിക്കാത്ത പണം എസ്.ബി.റ്റി, എസ്.ബി.ഐ, കാനറാ ബങ്ക്, യൂണിയൻ ബാങ്ക്, ഇൻഡ്യൻ ബാങ്ക്, സെൻട്രൽ ബാങ്ക് തുടങ്ങിയ ദേശസാൽകൃത ബാങ്കുകളുടെ അക്കൗണ്ടിൽ സ്ഥിര നിക്ഷേപമായി കിടക്കുന്ന കാര്യം ധനകാര്യ വകുപ്പ് പരിശോധിക്കുമോ ; പ്രസ്തുത പണം തിരിച്ച് വാങ്ങുവാൻ നടപടി സ്വീകരിക്കുമോ ; | ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പതിവ് പരിശോധനകളിൽ ഇക്കാര്യങ്ങൾ പരിശോധിക്കാറുണ്ട്. 27.3.2014 - ലെ സർക്കുലർ നമ്പർ. 31/2014/ധന പ്രകാരം വാണിജ്യ ബാങ്കുകളിൽ സൂക്ഷിച്ചിരിക്കുന്ന സർക്കാർ പണം തിരിച്ച് സർക്കാർ ട്രഷറികളിലേയ്ക്ക് മാറ്റുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന ബജറ്റ് വഴി കേന്ദ്ര വിഹിതം അനുവദിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ബാങ്കിൽ നിലനിർത്താവുന്ന തുകയ്ക്ക് പരിധി നിശ്ചയിച്ചിട്ടുണ്ട്. |
| (ഡി) | വിവിധ വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകി പ്രസ്തുത പണം സർക്കാരിന്റെ അക്കൗണ്ടിലേക്ക് കൊണ്ടുവരുവാൻ നടപടി സ്വീകരിക്കുമോ ; | |
| (ഇ) | ഇത്തരത്തിൽ ഓരോ വകുപ്പിലും എത്ര തുക വീതം ഓരോ ബാങ്കിലും ഉണ്ടെന്ന വിവരം ജില്ലയും വകുപ്പും തിരിച്ച് വ്യക്തമാക്കുമോ ; | |
| (എഫ്) | പ്രസ്തുത പണം തിരികെ ട്രഷറികളിൽ കൊണ്ടുവരുവാൻ നയപരമായ തീരുമാനം എടുക്കുമോ ; | സർക്കാർ നൽകുന്ന പണം ട്രഷറികളിൽത്തന്നെ നിലനിർത്തണമെന്ന് തന്നെയാണ് സർക്കാർ നയം. |
| (ജി) | ഇപ്രകാരം പണം തിരികെ കൊണ്ടുവരുവാൻ സംസ്ഥാന തലത്തിൽ ഒരു നോഡൽ ഓഫീസറെ നിയമിക്കുമോ ; വ്യക്തമാക്കുമോ ? | ധനകാര്യ പരിശോധനാ വിഭാഗം തുടർന്നും ഇക്കാര്യങ്ങൾ പരിശോധിച്ച് തുടർനടപടികൾ കൈക്കൊള്ളുന്നതാണ്. ഇതിനായി ഒരു നോഡൽ ഓഫീസറെ നിയമിക്കുന്നത് നിലവിൽ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**